# വയലിപ്പറമ്പിൽ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ വിൽപത്രം

*സമ്പാദകൻ: എം. സി. വർഗീസ്*

19–ാം നമ്പർ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

അങ്കമാലി ഭദ്രാസന ഇടവകയുടെ സഹായ മെത്രാനായ കുന്നത്തുനാട് താലൂക്ക്, ആലുവാ പകുതി, ആലുവാ കരയിൽ, ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ ഇരിക്കും വയലിപ്പറമ്പിൽ പൈനാടത്ത് യാക്കോബായ സിറിയൻ ക്രിസ്ത്യൻ വൈദികവൃത്തി 48 വയസ്സായ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ആയ നാം ആയിരത്തി ഒരുന്നൂറ്റി ഇരുപത്തിമൂന്നാം ആണ്ട് മിഥുനമാസം ഏഴാം തീയതി എഴുതിവച്ച വിൽപത്രം. നാം കത്തനാരായിരിക്കുമ്പോൾ വയലിപ്പറമ്പിൽ പൈനാടത്ത് തോമസ് വർഗീസ് കത്തനാർ എന്നപേരിൽ താഴെ പട്ടികയിൽ ഒന്നാം നമ്പരായി വിവരിക്കുന്ന വസ്തു 1114–ലെ അങ്കമാലി രജിസ്ട്രാഫീസ് വക 2289–ാം നമ്പർ ആധാരത്തിൽ സൗജന്യം സിദ്ധിച്ചിട്ടുള്ളതും രണ്ടാം നമ്പർ വസ്തുവകകൾ 1118–ലെ അങ്കമാലി രജിസ്ട്രാഫീസ് വക 1942; 11–ാം തീയതിയിലെ ടി വക 3771–ഉം 3772–ഉം നമ്പർ ആധാരങ്ങളാൽ തീറുകൾ സിദ്ധിച്ചും പാട്ടക്കാരനിൽ നിന്ന് 1118–ൽ ടി രജിസ്ട്രാഫീസ് വക 2855–ാം നമ്പരായി ഒഴിവുകുറി വാങ്ങിയും നമുക്ക് കൈവശപ്പെട്ടിരിക്കുന്നതുമാകുന്നു. പട്ടിക ഒന്നാം നമ്പർ വസ്തുവിൽ നമ്മുടെ ഉടമ സ്ഥതയിലും മാനേജ്മെന്റിലും മോർ അത്തനേഷ്യസ് ഇംഗ്ലീഷ് ഹൈസ്കൂൾ പണികഴിച്ചു നടത്തിവരുന്നതും പട്ടിക രണ്ടാം നമ്പർ വസ്തുവിൽ ദേഹണ്ഡങ്ങൾ ചെയ്യിക്കുകയും പൊതുജനോപകാരത്തിനുവേണ്ടി ചില പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കുവാൻ ശ്രമം ചെയ്തും വരുന്നതുമാണ്. പട്ടിക രണ്ടു നമ്പർ വസ്തുക്കളിലും നാം സമാരംഭിച്ചിട്ടുള്ള ഹൈസ്കൂൾ കെട്ടിടങ്ങൾ മുതലായി മേലിൽ ഉണ്ടാകുന്ന എല്ലാ സ്ഥാപനങ്ങളും ഇതിന്റെ ആവശ്യാർത്ഥം ടി പേരിൽ നാം സമ്പാദിക്കുന്ന മറ്റു സ്വത്തുക്കളും പട്ടിക വസ്തുവകകളും നമ്മുടെ കാലശേഷം അതിന്റെ കൈവശം, ഭരണം മുതലായവയെ സംബന്ധിച്ച് ഒരു വ്യവസ്ഥ ചെയ്തുവയ്ക്കണമെന്ന് നമുക്ക് അഭിപ്രായമായതിനാൽ ഈ വിൽപത്രം എഴുതുന്നതും ഇതിലെ വ്യവസ്ഥാനുസരണം നമ്മുടെ കാലാനന്തരം മുതൽ പ്രവർത്തിപ്പാനുള്ളതുമാണ്. നമ്മുടെ കാലത്തിനുശേഷം പട്ടിക വസ്തുവകകളും ടി ഹൈസ്കൂൾ കെട്ടിടങ്ങൾ മുതലായതും ടി പേരിൽ നാം സമ്പാദിച്ചിട്ടുള്ളതായി കാണുന്ന സകല സ്വത്തുക്കളും അതാതു കാലത്ത് വി. അന്ത്യോഖ്യാസിംഹാസനത്തിൽ വാണരുളുന്ന പരിശുദ്ധ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതും ആയ അങ്കമാലി ഭദ്രാസന ഇടവകയുടെ മെത്രാപ്പോ

ലീത്താമാരുടെ ഉടമസ്ഥതയിലും ഭരണത്തിലും ഇരിക്കേണ്ടതാകുന്നു. ടി ഹൈസ്കൂൾ മുതലായ സ്ഥാപനങ്ങളുടെ അതാതുകാലം ഭരണാധിപന്മാരായി വരുന്ന മെത്രാന്മാർ ടി ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങളെ മുൻനിറുത്തിയും നിയമാനുസരണവും പൊതുജനോപകാരത്തിന് അനുരൂപമായും ഭരണം നിർവിഘ്നം നിർവ്വഹിക്കുവാനുള്ളതും പട്ടിക വസ്തുക്കളിൽ നിന്നും ലഭിക്കുന്ന ആദായങ്ങളിൽ ടി വസ്തുക്കൾക്കുവേണ്ടിവരുന്ന ചെലവ് ആവശ്യങ്ങളും സർക്കാർ കരവും നീക്കിബാക്കി വരുന്ന സംഖ്യയും ടി സ്ഥാപനങ്ങളുടെ അഭിവൃദ്ധികരമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിപ്പാനുള്ളതുമാണ്. മേൽവിവരപ്രകാരം അതാത് കാലത്ത് ഭരണഭാരമേല്ക്കുന്ന മെത്രാപ്പോലീത്താമാർക്ക് പട്ടിക വസ്തുക്കളിലും ടി സ്ഥാപനങ്ങളിലും ഇതിലെ ആവശ്യാർത്ഥം ഞാൻ വല്ല സ്വത്തുക്കളും ആർജ്ജിച്ചിരുന്നാൽ അതുകളിലും സ്ഥാപിച്ച് യാതൊരു കാരണങ്ങളും ഉൽഭവപ്പിക്കുന്നതിനോ വല്ല കടബാദ്ധ്യതകളും ഉൾപ്പെടുത്തുന്നതിനോ അവകാശമോ സ്വാതന്ത്ര്യമോ ഇല്ലാത്തതും ടി മെത്രാപ്പോലീത്താമാരുടെയോ സമുദായത്തിന്റെയോ ഇടവകയുടെയോ യാതൊരുവിധമായ കടബാദ്ധ്യതകളും ടി വസ്തുവകകളിലോ സ്ഥാപനങ്ങളിലോ ഒരുവിധത്തിലും ബാധിക്കുന്നതല്ലാത്തതും ആകുന്നു. ഈ ബില്ലിനാൽ ചുമതലപ്പെടുത്തുന്ന മെത്രാപ്പോലീത്താമാർക്കല്ലാതെ ഈ നാട്ടുകാർക്കോ നമ്മുടെ കുടുംബക്കാർക്കോ ടി സ്വത്തുക്കളിന്മേൽ യാതൊരുവിധമായ അവകാശാധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ല. മേൽവിവരിച്ച വ്യവസ്ഥകൾക്കുൾപ്പെട്ട് ഏൽക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് നമ്മുടെ പിൻഗാമികളായി വരുന്ന ടി മെത്രാപ്പോലീത്തമാരോടും നാം അപേക്ഷിച്ചുകൊണ്ട് നമ്മുടെ പൂർണ്ണമനസ്സോടും ആഗ്രഹത്തോടും കൂടി ഈ വിൽപത്രം എഴുതുന്നതും ഇതിലെ ഏതാനുമോ മുഴുവനുമോ വ്യവസ്ഥകൾ മാറ്റുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും നമുക്ക് പൂർണ്ണ അധികാരമുള്ളതും അപ്രകാരമൊന്നും പ്രവർത്തിക്കാതെ നാം മരണമടയുന്നതായാൽ ഈ വിൽപത്രത്തിലെ വ്യവസ്ഥകൾ ഊർജ്ജിതത്തിൽ വരുന്നതുമാകുന്നു.

എന്ന് ടി ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ഒപ്പ്

## സാക്ഷികൾ

1. നായത്തോട് കര പൈനാടത്ത് പൗലോ പൗലോസ് കത്തനാർ ഒപ്പ്
2. മേയ്ക്കാട്ടുകര മങ്ങാട്ടമ്പിള്ളി പറവെട്ടി തോമാ അലക്സന്ത്രയോസ് കത്തനാർ ഒപ്പ്

കയ്പട– ചെങ്ങമനാട്ടുകര അറയ്ക്കൽ വീട്ടിൽ കൃഷ്ണൻ ഗോപിനാഥൻ നായർ ഒപ്പ്

ടി ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയെ ഞാൻ നേരിട്ടറിയും

അങ്കമാലി സബ് രജിസ്ട്രാർ ആർ. രാമൻ പിള്ള

അങ്കമാലി യാക്കോബായ പള്ളിമേടയിൽ വച്ച് 1123 മിഥുനം 7–ാംതീയതി പകൽ 3.15ന് ടി മെത്രാപ്പോലീത്ത ഹാജരായി സമ്മതിച്ചു. 1123–ാമാണ്ട് വക രണ്ടാം പുസ്തകം ഒന്നാം വാല്യം

**Source:** **വിശ്വാസസംരക്ഷകൻ**